(സി) അവരുടെ ആവശ്യം പേ കമ്മീഷന്റെ പരിഗണനയ്ക്കു വയ്ക്കുകയും കമ്മീഷന്റെ ശുപാർശ അംഗീകരിക്കുകയും ഉണ്ടായി.

## ജയിലിലെ തടവുകാർ റാക്കുണ്ടാക്കിയതായി ആരോപണം

*445 [469] ശ്രീ. ഇ. കെ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ അധികൃതരുമായി ജയിലിലെ തടവുകാർ യോജിച്ച് തടവുകാർ റാക്കുണ്ടാക്കിയിട്ടുണ്ടോ;

(ബി) സ്ത്രീ തടവുകാരെ ജയിൽ ഉദ്യോഗസ്ഥൻമാർ അവരുടെ ഗൃഹ ജോലിക്ക് നിയോഗിക്കാറുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ത്രീ തടവുകാരിൽ ആരെങ്കിലും ദീർഘകാല ജയിൽ വാസത്തിനിടയിൽ ജയിലിൽ വച്ച് ഗർഭം ധരിച്ചിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഇല്ല.
(ബി ) ഇല്ല.
(സി) ഇല്ല.

## വിദ്യുച്ഛക്തി ജീവനക്കാരുടെ സമരം

*446 [470] ശ്രീ. കെ: കെ. എസ്. തങ്കം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യുച്ഛക്തി ജീവനക്കാരുടെ 1978-ലെ സമരം മൂലം ബോർഡിന് വന്ന നഷ്ടം എത്ര?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

വിദ്യുച്ഛക്തി ജീവനക്കാരുടെ 1978 ലെ സമരം മൂലം ബോർഡിന് 162 ലക്ഷം രൂപായുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

## (iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ

## അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് ഗ്രേഡ്-2 നിയമനം

824 [1244] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് ഗ്രേഡ്-2 ആയി ജോലിയിൽ പ്രവേശിക്കാൻ ശ്രീ. കെ. എ. ബാലൻ 9.10.1978-ൽ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly